01-12-2021

WEDNESDAY ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -01/12/2021

1. തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്ത് **കേരഗ്രാമം** പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (ഡിസംബർ 01-ന്) വൈകുന്നേരം 3 മണിക്ക് കവലയൂർ ഗുരുമന്ദിരം ഹാളിൽ എം.എൽ.എ ഒ.എസ്. അംബികയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് നിർവഹിക്കും. ഇതിനോടനുബന്ധിച്ച് ഉച്ചയ്ക്ക് 2 മണി മുതൽ കേര കർഷകർക്കായി കാർഷിക രംഗത്തെ പ്രമുഖർ നയിക്കുന്ന കാർഷിക വിജ്ഞാന സദസ്സ് ഉണ്ടായിരിക്കും.

2. കേരള കാർഷിക സർവ്വകലാശാല വിളപരിപാലന ശുപാർശകളുടെ 16-ാം പതിപ്പിന്റെ പരിഷ്കരണത്തിനായി നടത്തുന്ന നാലു ദിവസത്തെ സംസ്ഥാനതല ശിൽപശാലയുടെ ഉദ്ഘാടനം ഇന്ന് (ഡിസംബർ 1) ഉച്ചക്ക് 2.00 മണിക്ക് റവന്യൂ-ഭവന നിർമ്മാണ, ഭൂപരിഷ്കരണ-ഭൂരേഖാ സർവ്വേ വകുപ്പ് മന്ത്രി കെ.രാജൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഓൺലൈനായി ഉദ്ഘാടനം ചെയ്യും. ഈ ശിൽപശാലയിൽ കഴിഞ്ഞ 5 വർഷങ്ങളിൽ കേരള കാർഷിക സർവ്വകലാശാലയിൽ ഉരുത്തിരിഞ്ഞ ഗവേഷണ ഫലങ്ങളും സാങ്കേതിക വിദ്യകളും കൃഷിയിട പരീക്ഷണത്തിലൂടെ പൂർണ്ണതയിലെത്തിച്ച ശാസ്ത്രീയ പരിപാലന മുറകളും അവതരിപ്പിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്നു.

3. **ക്ഷീരശ്രീ പോർട്ടലി**ന്റെ ഉദ്ഘാടനം ഇന്ന് (ഡിസംബർ 01-ന്) വൈകിട്ട് 3.30 -ന് ഐ.എം.ജി പത്മാഹാളിൽ എം.എൽ.എ അഡ്വ. വി.കെ. പ്രശാന്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും

4. റബ്ബറിന്റെ നടീൽവസ്തുക്കളുടെ സർട്ടിഫിക്കേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഇന്ന് (ഡിസംബർ 01-ന്) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകും. **0481-2576622** എന്നതാണ് കോൾ സെന്റർ നമ്പർ.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. എഫ്.പി.ഒ പ്രോത്സാഹന പദ്ധതി പ്രകാരം എസ്.എഫ്.എ.സി കേരള മുഖേന രൂപീകരിച്ച മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന പെരിന്തൽമണ്ണ ഫാർമർ പ്രൊഡ്യൂസർ കമ്പനിയിൽ മൂന്ന് വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തികയിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. 25-35 പ്രായപരിധിയിലുള്ള എം.ബി.എ/അഗ്രി ബിസിനസ് മാസ്റ്റേഴ്സ് ഡിഗ്രി, ബി.എസ്.സി/ ബി.ടെക്ക് അഗ്രി/വെറ്ററിനറി/ ബി.എഫ്.എസ്.സി/ഗ്രാമീണ വികസനം/ മറ്റ് വിഷയങ്ങളിൽ ബിരുദം ഉള്ളവർക്കും അപേക്ഷിക്കാം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രവൃത്തി പരിചയവും യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ബയോഡേറ്റയോടൊപ്പം perinthalmannafpcltd@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **8075611914** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാല നടത്തിവരുന്ന ബി.എസ്.സി.(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിന്റെ 2021 - 22 അദ്ധ്യയന വർഷത്തേക്ക് കാർഷിക മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച സംസ്ഥാന തലത്തിൽ അവാർഡ് കരസ്ഥമാക്കിയ കർഷക പ്രതിഭയായ വിദ്യാർത്ഥിക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു സീറ്റിലേക്ക് യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും കേരള കാർഷിക സർവ്വകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഡിസംബർ 7 (07.12.2021) ആണ് അപേക്ഷ ലഭിക്കേണ്ട അവസാന തിയതി.

**പരിശീലന പരിപാടികൾ**

7. വി.എച്ച്.എസ്.സി (അഗ്രിക്കൾച്ചർ) പാസ്സായ വിദ്യാർഥികൾക്കായി വെള്ളായണി കാർഷിക കോളേജ് **ഫിനിഷിങ് സ്കൂൾ പരിശീലന**പരിപാടി സംഘടിപ്പിക്കുന്നു. നൈപുണ്യ വികസന അടിസ്ഥാനത്തിൽ ഊന്നിയുള്ള പരിശീലനത്തിലൂടെ വിദ്യാർഥികളുടെ തൊഴിൽ സാധ്യത വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷികകോളേജിൽ സംഘടിപ്പിക്കുന്ന പരിശീലനത്തിന് ശേഷം രണ്ടു മാസത്തെ അപ്രന്റീസ് പരിശീലനവും ഉണ്ടായിരിക്കും. പരിശീലനപരിപാടി തികച്ചും സൗജന്യമാണ്. താല്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പോടു കൂടിയുള്ള അപേക്ഷ

അസ്സോസിയേറ്റ് പ്രൊഫസർ ആൻഡ് ഹെഡ്, ട്രെയിനിങ് സർവീസ് സ്കീം, കാർഷികകോളേജ്, വെള്ളായണി-695522 എന്ന വിലാസത്തിൽ **ഡിസംബർ 5** നുമുമ്പായി സമർപ്പിക്കേണ്ടതാണ്.

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് നാളെയും മറ്റെന്നാളുമായി (ഡിസംബർ 2,3) രാവിലെ 10 മണി മുതൽ **ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്കായി** രണ്ട് ദിവസത്തെ ക്ലാസ് റൂം പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481–2302223, 9846890445** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ക്ഷീരകർഷകർക്കായി **തീറ്റപ്പുൽക്കൃഷി** എന്ന വിഷയത്തിൽ **ഡിസംബർ 3,4** തീയതികളിൽ രണ്ട് ദിവസത്തെ ക്ലാസ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഡിസംബർ 2 വരെ **8075028868, 9947775078, 0476 –2698550** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

10. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **ശാസ്ത്രീയ പശുപരിപാലനം** എന്ന വിഷയത്തിൽ ഈ മാസം 6 മുതൽ 10 വരെ (ഡിസംബർ 6 മുതൽ 10 വരെ) 5 ദിവസത്തെ പരിശീലനം നടത്തുന്നു. **0473–4299869, 9495390436, 9656936426** എന്നീ നമ്പരുകളിൽ വിളിച്ചോ വാട്ട്സാപ്പ് ചെയ്തോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് ട്രെയിനിംഗിൽ പങ്കെടുക്കാം.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **8,9 തീയതികളിൽ ആട് വളർത്തൽ, 14,15 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 20,21 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ, 22–ന് തീറ്റപ്പുൽകൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471–2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.